THURSDAY 23-12-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 23/12/2021

1. ക്രിസ്തുമസ് - പുതുവത്സര വിപണി കണക്കിലെടുത്ത് കൃഷിവകുപ്പിന്റെ പ്രത്യേക വിപണികൾ സംസ്ഥാനത്ത് ജനുവരി 1 വരെ പ്രവർത്തിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ ഒരു കോടി രൂപ ചിലവഴിച്ച് നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും, ഗ്രാമസമൃദ്ധി എഗ്ഗർ നഴ്സറി പദ്ധതി, വ്യാവസായിക അടിസ്ഥാനത്തിലുള്ള ആടുവളർത്തൽ പദ്ധതി എന്നിവയുടെ ഉദ്ഘാടനവും, സംരംഭകത്വ സെമിനാർ സർട്ടിഫിക്കറ്റ് വിതരണവും, ഭിന്നശേഷി കുട്ടികൾക്കു മാനസിക വികാസത്തിനുള്ള പദ്ധതിയുടെ ഉദ്ഘാടനവും, ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയിലെ മുന്നണിപ്പോരാളികളെ ആദരിക്കലും ഇന്നു (23.12.2021) ഉച്ചയ്ക്കു 2 മണിക്ക് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ മുൻമുഖ്യമന്ത്രിയും പുതുപ്പള്ളി എം.എൽ.എ യുമായ ഉമ്മൻചാണ്ടി അദ്ധ്യക്ഷത വഹിക്കും.

3. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ **നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ, പഴവർഗ്ഗചെടികൾ, ഓർണമെന്റൽ ചെടികൾ, ഗ്രോബാഗ്, ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടനാശിനികൾ** തുടങ്ങിയ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

5. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജനുവരി ആദ്യ വാരത്തിൽ നടത്തുന്ന എള്ള് കർഷക സംഗമത്തിൽ ഭാഗമാകുവാൻ താല്പര്യമുള്ള കർഷകർ **8281757450** എന്ന നമ്പറിൽ പ്രവർത്തിദിനങ്ങളിൽ 10 നും 4 നും ഇടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽ നിന്നും പച്ചക്കറി വിളകളിൽ കീട-രോഗ പ്രതിരോധത്തിനും വളർച്ച ഉത്തേജിപ്പിക്കുന്നതിനും നന്നായി പൂവിടുന്നതിനും പ്രയോഗിക്കാവുന്ന വിവിധ ജൈവ ഉത്പന്നങ്ങൾ ലഭ്യമാണ്. പൂവിടുന്നതിനും, കായ് വളർച്ച മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കാവുന്ന **കെ-അമിനോ, കെ-ബൂസ്റ്റർ,** കീടങ്ങളെ അകറ്റി നിർത്താൻ സഹായിക്കുന്ന **കെ-ഡോൺ,** രോഗപ്രതിരോധത്തിനു സഹായിക്കുന്ന **കെ-മാസ്ക്ക്,** എന്നീ ഉത്പന്നങ്ങൾ കർഷകർക്ക് കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബോറട്ടറിയിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496764141** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും **കോമാടൻ, WCT, TxD** എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT-110 രൂപ, TxD- 250 രൂപ, TxD പോളി ബാഗ് തൈ-280 രൂപ എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383573, 9847910119** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ അപ്ലൈഡ് ആനിമൽ വെൽഫെയർ, എത്തിക്സ്, ലോ പോസ്റ്റ് ഗ്രാജ്വേറ്റ് ഓൺലൈൻ പ്രൊഫഷണൽ ഡെവലപ്മെന്റ് കോഴ്സ് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ അംഗീകരിച്ചു. MOODLE പ്ലാറ്റ്ഫോമിൽ ഓൺലൈൻ ആയി നടത്തപ്പെടുന്ന ഈ കോഴ്സിലേക്ക് അപേക്ഷിക്കാൻ താൽപ്പര്യമുള്ള ബിരുദധാരികൾ ഈ മാസം **25-ന്** (ഡിസംബർ 25-ന്) മുമ്പ് application.kvasu.ac.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിശദാംശങ്ങൾ 'ടെക്നോളജി എനേബിൾഡ് വിദൂര പഠന കോഴ്സുകൾ' എന്ന തലക്കെട്ടിന് കീഴിലുള്ള പ്രോസ്പെക്ടസിൽ ലഭ്യമാണ്.

9. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ജനയുഗം പത്രമാഫീസിനു മുൻപിലെ അങ്കണത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ച്ചയും ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ കർഷകർ നേരിട്ട് വിപണനം നടത്തുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കുമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളീകേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കിസാൻ ദിവസ് ആഘോഷവുമായി ബന്ധപ്പെട്ട് ഇന്ന് (ഡിസംബർ 23) രാവിലെ 10.30 മണിയ്ക്ക് **'പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണം - വാഴയിൽ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കേരള കാർഷിക സർവകലാശാല കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ക്ലാസ് നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പശു വളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (23/12/21ന്) രാവിലെ 10 മുതൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്പരമാവധി 30 പേർക്കായിരിക്കും പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയുക. കൂടുതൽ വിവരങ്ങൾക്ക് **04915 2815454** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഡിസംബർ അവസാന വാരം **"കറവപ്പശു പരിപാലനം"** എന്ന വിഷയത്തിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 24-ന് (24/12/2021 ന്) 5 മണിയ്ക്ക് മുമ്പ് **0494-2962296, 8089293728** എന്ന നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.